**ജലവിഭവ രംഗത്ത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭരണ നവീകരണ പരിപാടികൾ**

8 (*675) ശ്രീ. പി. സി. ജോർജ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവിഭവ രംഗത്ത് എ.ഡി.ബി. വായ്പയുടെ ഭാഗമായി നടപ്പാക്കുന്ന ഭരണ നവീകരണ പരിപാടികൾ എന്തെല്ലാമാണ് ;

(ബി) ജലവിതരണ പദ്ധതികളിൽ നിന്ന് ഗാർഹികാവശ്യത്തിന് എടുക്കുന്ന വെള്ളത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ ;

(സി) ജലത്തിന് വില വർദ്ധനയും അതിന്റെ ഉപയോഗത്തിന് കടുത്ത നിയന്ത്രണവും ഉണ്ടാക്കാനിടയുള്ള ഈ ഭരണ നവീകരണപരിപാടിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാരിനധികാരമുണ്ടോ; എങ്കിൽ പ്രസ്തുത അധികാരം വിനിയോഗിക്കാൻ തയ്യാറാകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ടി. എം. ജേക്കബ്) :

(എ) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി) ഇല്ല.

(സി) പരിഗണനയിലുള്ള കരടുഭരണനവീകരണ പരിപാടിയിൽ നാഷണൽ വാട്ടർ പോളിസി പ്രകാരം ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജലത്തിന് വില വർദ്ധനയും ഉപയോഗത്തിന് കടുത്ത നിയന്ത്രണവും ഏർപ്പെടുത്താനുള്ള നിർദ്ദേശങ്ങളൊന്നും ഇതിൽ ഇല്ല. മാത്രമല്ല ഇത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടുമില്ല.

**ജോലിക്ക് കൂലി ഭക്ഷണം പദ്ധതിപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം**

9 (*676) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗ സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് ജോലിക്ക് കൂലി ഭക്ഷണം പരിപാടിയിൻകീഴിൽ അനുവദിച്ച അരി എഫ്. സി. ഐ. ഗോഡൗണുകളിൽനിന്നുതന്നെ സ്വകാര്യമില്ലുകൾക്ക് മറിച്ചുവിറ്റതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജനപദ്ധതി പ്രകാരം ആദിവാസികൾക്ക് ഈ വർഷം എത്ര ടൺ അരി അലോട്ട് ചെയ്യുകയുണ്ടായിയെന്ന് പറയാമോ ;

(സി) ആദിവാസി മേഖലയിലെ 'ജോലിക്ക് കൂലി ഭക്ഷണം' പരിപാടിയുടെ ഭാഗമായുള്ള അരി ആദിവാസികൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഡി) സ്വാകാര്യവ്യക്തികൾക്ക് മറിച്ച് വിറ്റതുമൂലം ആദിവാസികൾക്ക് നഷ്ടപ്പെട്ട അരി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) എത്ര ആദിവാസി ഊരുകളിൽ ഈ വർഷം 'ജോലിക്ക് കൂലി ഭക്ഷണം' പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികജാതിമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഇത് സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമവികസന വകുപ്പുവഴിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പട്ടികവർഗ്ഗക്കാർക്കുമാത്രമായി ഈ പദ്ധതി നടപ്പിലാക്കുന്നില്ല. പട്ടികവർഗ്ഗക്കാർക്കുകൂടി പ്രയോജനപ്രദമായ നിലയിലാണ് പദ്ധതിയുടെ നടത്തിപ്പ്.

(സി) ഈ പദ്ധതിയുടെ ആനുകൂല്യം ആദിവാസികൾക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ കൈക്കൊള്ളുവാൻ ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് ഈ വകുപ്പിൽ വിവരങ്ങൾ ലഭ്യമല്ല.

(ഇ) ഈ വർഷം ജോലിക്ക് കൂലി ഭക്ഷണം പദ്ധതിപ്രകാരം 2421 ഊരുകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**പത്താം പദ്ധതിയിൽ വൈദ്യുത രംഗത്ത് കൈവരിക്കേണ്ട നേട്ടങ്ങൾ**

10 (*677) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതിയിൽ വൈദ്യുത രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ബി) ഇതിനുവേണ്ടി എന്ത് മുതൽമുടക്ക് വേണ്ടിവരും എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly